# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


**വാർത്താക്കുറിപ്പ്**

**2023 ഏപ്രിൽ 14**

---

## *സീഡ് മണി നൽകാൻ സിൻഡിക്കേറ്റ് ശുപാർശ*

## ഗവേഷണ, വ്യവസായ മേഖലകളെ ബന്ധിപ്പിക്കാൻ എം.ജി. സർവകലാശാലയിൽ പ്രത്യേക കേന്ദ്രം .

ഗവേഷണ കണ്ടുപിടുത്തങ്ങളുടെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയുംവിധം അക്കാദമിക് , വ്യവസായ മേഖലകളെ ബന്ധപ്പിക്കുന്നതിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ ഇൻഡസ്ട്രി-അക്കാദമിയ ഇൻറർഫേസ് സെൻറർ തുടങ്ങും. ഈ കേന്ദ്രത്തിൻറെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി അഞ്ചു ലക്ഷം രൂപ സീഡ് മണി അനുവദിക്കാൻ സിൻഡിക്കേറ്റ് യോഗം ശിപാർശ ചെയ്തു.

സർവകലാശാലയിലെ സന്ദർശന വേളയിൽ ഇവിടുത്തെ സ്റ്റാർട്ടപ്പുകളെക്കുറിച്ച് മനസിലാക്കിയ വ്യവസായ മന്ത്രി പി. രാജീവിൻറെ നിർദേശപ്രകാരം സർവകലാശാല സർക്കാരിന് പദ്ധതി നിർദേശം സമർപ്പിച്ചിരുന്നു. കേന്ദ്രം സ്ഥാപിച്ച് പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്ന മുറയ്ക്ക് സർക്കാരിൽനിന്ന് മതിയായ സഹായം നൽകുമെന്ന് മന്ത്രി അറിച്ചു. ഈ സാഹചര്യത്തിലാണ് ഇൻഡസ്ട്രി - അക്കാദമിയ ഇൻറർഫേസ് സെൻറർ തുടങ്ങുന്നതിനുള്ള നടപടികളുമായി സർവകലാശാല മുന്നോട്ടു പോകുന്നത്.

യു.എസ്. ന്യൂസിൻറെ റാങ്കിംഗിൽ പോളിമെർ സയൻസ് പഠനത്തിനുള്ള രാജ്യത്തെ ഏറ്റവും മികച്ച സർവകലാശാലയായി അടുത്തയിടെ എം.ജി സർവകലാശാല തിരഞ്ഞെടുക്കപ്പെട്ടിരുന്നു. കൂടുതൽ വിദ്യാർഥികൾക്ക് പഠന സൗകര്യമൊരുക്കുന്നതിൻറെ ഭാഗമായി നിലവിലെ സൗകര്യങ്ങൾക്കു

പുറമെ
സ്കൂൾ ഓഫ് പോളിമെർ സയൻസ് ആൻറ് ടെക്നോളജിയും ഉടൻ ആരംഭിക്കും. ഈ കേന്ദ്രത്തിൻറെ  ഓണററി ഡയറക്ടറായി സ്കൂൾ ഓഫ് കെമിക്കൽ സയൻസസിലെ അസോസിയേറ്റ് പ്രഫർ ഡോ.എം.എസ്. ശ്രീകലയെ നിയോഗിക്കാനും സിൻഡിക്കേറ്റ് ശുപാർശ ചെയ്തു.

ഇമേജിംഗ്, സ്പെക്ട്രോസ്കോപ്പി, മെറ്റീരിയൽ പ്രോസസിംഗ്, കമ്യൂണിക്കേഷൻ മേഖലകളിലെ വിപുലമായ ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിലവിലെ ഗവേഷണങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി സ്കൂൾ ഓഫ് അപ്ലൈഡ് ഫിസിക്സിനു കീഴിൽ യൂണിവേഴ്സിറ്റി സെൻറർ ഫോർ അൾട്രാ ഫാസ്റ്റ് സ്റ്റഡീസ് എന്ന ഇൻറർ സ്കൂൾ കേന്ദ്രം സ്ഥാപിക്കും. ഇതിൻറെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി പത്തു ലക്ഷം രൂപ അനുവദിക്കും.

സെൻറർ ഫോർ ഫോറിൻ ലാംഗ്വേജസും  സർവകലാശാലയിലെ 12 സ്കൂളുകളുടെ കീഴിൽ മികച്ച വിജ്ഞാന ശാഖകളിൽ പഠന വകുപ്പുകളും ആരംഭിക്കുന്നതിനുള്ള നിർദേശങ്ങൾ യോഗം അംഗീകരിച്ചു. സർവകലാശാലയിലെ വിദ്യാർഥികൾക്കും പുറത്തുനിന്നുള്ളവർക്കും വിദേശ ഭാഷകൾ പഠിക്കാൻ അവസരം നൽകുന്ന കേന്ദ്രമായാണ് സെൻറർ ഫോർ ഫോറിൻ ലാംഗ്വേജസ് വിഭാവനം ചെയ്തിരിക്കുന്നത്.

നാക് അക്രഡിറ്റേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പഠന വകുപ്പുകളിലെ അധ്യാപകരുടെ സേവനം വേണ്ടതിനാൽ  2022-23 വർഷത്തെ മധ്യവേനൽ അവധി മെയ് 15ന് ആരംഭിക്കുന്ന വിധത്തിൽ പുനക്രമീകരിക്കും. ക്ലാസുകൾ പൂർത്തീകരിക്കാനുള്ള പഠന വകുപ്പുകളുടെ മേധാവികൾ ആവശ്യപ്പെടുന്ന മുറയ്ക്ക് ഗസ്റ്റ് അധ്യാപകരുടെ കരാർ കലാവധി രണ്ടു മാസം കൂടി നീട്ടി നൽകാനും യോഗം ശുപാർശ ചെയ്തു.

(പി.ആർ.ഒ/39/413/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**